ദന്ത ചികിൽസാ സൗകര്യങ്ങൾ

28 (*388) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദന്ത ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) സർക്കാർ മേഖലയിൽ എത്ര ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) പുതുതായി ഡെന്റൽ കോളേജുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ എവിടെയെല്ലാം ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 5 ദന്തൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ദന്തശാസ്ത്രത്തിലെ 9 സ്പെഷ്യാലിറ്റിയിലെ ചികിത്സകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ പുതിയതായി ആരംഭിച്ച എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ദന്തൽ വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ ദന്തൽ കോളേജുകളിൽ ഓരോ കോളേജിലും ശരാശരി ഒന്നര ലക്ഷം പേർക്ക് പ്രതിവർഷം സ്പെഷ്യാലിറ്റി ദന്തൽ ചികിത്സ നൽകിവരുന്നു. ബി.പി.എൽ. രോഗികൾക്ക് ചികിത്സ സൗജന്യമാണ്.

സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ 89 ദന്തൽ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. 109 ദന്തൽ സർജൻമാരും 80 ദന്തൽ ഹൈജീനിസ്റ്റുകളും 33 ദന്തൽ മെക്കാനിക്കുകളും പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകളിലേക്കാവശ്യമായ നൂതന ഉപകരണങ്ങൾ ദന്തൽ മെറ്റീരിയൽസ്, സ്പെഷ്യാലിറ്റി ഉപകരണങ്ങൾ ഇവ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അത്യാവശ്യമായി വേണ്ടി വരുന്ന ദന്തൽ മെറ്റീരിയൽസും അനുബന്ധ ഉപകരണങ്ങളും അതാത് എച്ച്.എം.സി. വഴിയും ലഭ്യമാക്കാറുണ്ട്. ദന്തരോഗങ്ങൾ ആരംഭത്തിലേ കണ്ടെത്തി

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ ചികിത്സ നൽകുന്നതിന് കമ്മ്യൂണിറ്റി & പ്രിവന്റീവ് ദന്തിസ്ട്രി രീതികൾ അവലംബിച്ചു വരുന്നു. എല്ലാ വർഷവും സ്കൂൾ ദന്തൽ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. പൊതു ജനങ്ങൾക്ക് ദന്താരോഗ്യത്തെക്കുറിച്ച് അറിവ് നൽകുന്നതിനായി ദന്താരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) നാല് അംഗീകൃത ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) തൃശ്ശൂർ മെഡിക്കൽ കോളേജിന് അനുബന്ധമായി പുതിയ സർക്കാർ ഡെന്റൽ കോളേജ് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആയതിലേയ്ക്കുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

നഴ്സിംഗ് വിദ്യാഭ്യാസ നവീകരണം

29 (*389) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് വിദ്യാഭ്യാസം നവീകരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) കേരളത്തിൽ നിന്നുള്ള നഴ്സുമാർ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ജോലി തേടി പോകുന്നത് കണക്കിലെടുത്ത് നഴ്സിംഗ് വിദ്യാഭ്യാസം ആധുനികവൽക്കരിക്കുന്നതിനും മത്സരക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) വൈദ്യ രംഗത്തെ വെല്ലുവിളികൾ നേരിടുവാൻ നഴ്സിംഗ് മേഖലയെ സജ്ജമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ സ്വകാര്യ മേഖലയിലും സർക്കാർ തലത്തിലും നഴ്സിംഗ് സ്കൂളുകളും കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. ഡിപ്ലോമ (ജനറൽ നഴ്സിംഗ്), ബിരുദം (ബി.എസ്.സി. നഴ്സിംഗ്), ബിരുദാനന്തര ബിരുദം (എം.എസ്.സി. നഴ്സിംഗ്), പി.എച്ച്.ഡി. എന്നിവ സംസ്ഥാനത്ത് സാദ്ധ്യമാണ്.

ആരോഗ്യ വകുപ്പിന് കീഴിൽ 16 ജനറൽ നഴ്സിംഗ് സ്കൂളുകളാണ്

LIBRARY ARCHIVES Kerala Legislative Assembly